LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർമാരുടെ കൂട്ടസ്ഥലംമാറ്റം

141 (2166) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലെ കളക്ടർമാരെയാണ് ജനുവരി മാസത്തിൽ മാറ്റി നിയമിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്രയധികം ജില്ലകളിലെ കളക്ടർമാരെ ഒരുമിച്ച് മാറ്റുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പൊതു തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സമയത്ത് ഇത്തരത്തിൽ ജില്ലാ കളക്ടർമാരുടെ കൂട്ടസ്ഥലംമാറ്റം നടത്തുന്നതിന് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം തേടിയിരുന്നുവോ ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, ഇടുക്കി, കണ്ണൂർ, കാസർഗോട്.

(ബി) ഭരണപരമായ കാരണങ്ങൾ പരിഗണിച്ച് മന്ത്രിസഭയുടെ തീരുമാനപ്രകാരമാണ് സ്ഥലംമാറ്റം നടത്തിയത്.

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലില്ലാത്തതിനാൽ സ്ഥലം മാറ്റത്തിന് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം തേടേണ്ട സാഹചര്യമുണ്ടായിരുന്നില്ല.

മട്ടാഞ്ചേരി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വെ

142 (2167) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടാഞ്ചേരി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വെ ജോലി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റീസർവ്വെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ നാളിതുവരെ എത്ര പരാതിക്ക് പരിഹാരം കണ്ടിട്ടുണ്ട് ; ബാക്കിയുള്ളവ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നിലവിലുള്ള മട്ടാഞ്ചേരി നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വേ ജോലികൾ ആരംഭിച്ചിട്ടില്ല. എന്നാൽ പുനഃകമീകരിച്ച മട്ടാഞ്ചേരി നിയോജകമണ്ഡലത്തിലെ ചെല്ലാനം വില്ലേജിന്റെ റീസർവ്വേ ജോലി പൂർത്തീകരിച്ച് റിക്കാർഡുകൾ 2-4-2007-ന് റവന്യു ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

നദികളുടെ സംരക്ഷണം സംബന്ധിച്ച്

143 (2171) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദികളുടെ സംരക്ഷണത്തിനും അനധികൃത മണലെടുപ്പ് തടയുന്നതിനുമായി റവന്യു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നദീ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ജില്ലാതല വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നദീസംരക്ഷണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) മണൽ ഖനനം അനുവദിക്കുന്നതിന് മണൽ ആഡിറ്റ് നടത്താൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളുടെയും അതിന്റെ വൃഷ്ടി പ്രദേശങ്ങളുടെയും സമഗ്ര വികസനത്തിനും നദീതീരങ്ങൾ സംരക്ഷിക്കുന്നതിനും, നദികളിൽ കടവുകൾ നിർമ്മിക്കുന്നതിനും, നദികളുടെ ജൈവഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും കുടിവെള്ള സംരക്ഷണത്തിനും ഉതകുന്ന തരത്തിൽ ജല സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതുമായ നിരവധി പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണ നിയമവും 2002-ലെ അനുബന്ധ ചട്ടങ്ങൾ നിലവിൽ വന്നശേഷം നിരവധി പദ്ധതികൾ/പ്രവർത്തികൾ സംസ്ഥാനതല ഉന്നതാധികാര സമിതി സൂക്ഷ്മപരിശോധന നടത്തുകയും ഈ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അനധികൃത മണൽ വാരൽ തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുള്ളതും തുടർന്നു വരുന്നതുമാണ്. നദികളിൽ അനധികൃത മണൽ വാരൽ നടക്കുന്നുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly